8250
16/8/14

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്- വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ നിർമ്മാണം, അടിസ്ഥാന സൗകര്യ വികസനം, അറ്റകുറ്റപ്പണി മുതലായ പ്രവർത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം. 507/2014/സാനീവ തിരുവനന്തപുരം, തീയതി, 08.08.2014.

---

പരാമർശം : 21.07.2014 ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

## ഉത്തരവ്

സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള വിവിധ സ്ഥാപനങ്ങൾ പ്രവർത്തിച്ച വരുന്ന കെട്ടിടങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പുതിയ കെട്ടിടം പണിയുന്നതിനുമായുള്ള പ്രൊപ്പോസലുകൾ സാമൂഹ്യനീതി വകുപ്പ ഡയറക്ടർ സമർപ്പിച്ചിരുന്നു. ആയത് 21.07.2014 -ൽ കൂടിയ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ പരിഗണനക്കായി സമർപ്പിച്ചിരുന്നു.

പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് യോഗം ടി പ്രൊപ്പോസലുകൾ പരിശോധിക്കുകയും അർഹമായവ അംഗീകരിക്കുകയും ചെയ്തു. വർക്കിംഗ് ഗ്രൂപ്പ് യോഗം അംഗീകരിച്ച പ്രവർത്തികളുടെ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.

ഈ സാഹചര്യത്തിൽ, അനുബന്ധമായി ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്ന വകുപ്പിന്റെ കീഴിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഭരണാനുമതി നൽകിയും ആയതിനാവശ്യമായ തുക ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നു വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. കെ.എം. എബ്രഹാം
അഡീഷണൽ ചീഫ് സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | പ്രവർത്തി | അനുവദിച്ച തുക | ശീർഷകം (പ്ലാൻ) |
|---|---|---|---|
| 1 | കോഴിക്കോട് വെള്ളിമാട് കുന്നിലെ ഷോർട്ട് സ്റ്റേ ഹോമിന്റെ നിലവിലുള്ള കെട്ടിടം നവീകരിച്ച് അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ | 30,00,000/- (മുപ്പത് ലക്ഷം രൂപ മാത്രം) | 4235-60-800-98 |
| 2 | തിരുവനന്തപുരം പൂജപ്പുരയിലെ വികലാംഗ ക്ഷേമ കോർപ്പറേഷൻ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനും രണ്ടാം നില പണിത് ഷീറ്റ് ഇടുന്നതിനുമുള്ള പ്രൊപ്പോസൽ | 56,00,000/- (അമ്പത്തിയാറ് ലക്ഷം രൂപ മാത്രം) | 4235-60-800-98 |
| 3 | തിരുവനന്തപുരം പുലയനാർ കോട്ടയിലെ വൃദ്ധ സദനത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ | 2,99,65,000/- (രണ്ട് കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം) | 4235-60-800-98 |
| 4 | പൂജപ്പുരയിലെ സ്പെഷ്യൽ ഹോം & ചിൽഡ്രൻസ് ഹോം കെട്ടിടങ്ങൾ പെയിന്റ് ചെയ്യുന്നതിനും ഒരു പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പ്രൊപ്പോസൽ | 60,50,000/- (അറുപത് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) | 4235-60-800-98 |
| 5 | കോഴിക്കോട് ഗവൺമെന്റ് ഒബ്സർവേഷൻ ഹോം ഫോർ ബോയ്സിന്റെ നിലവിലുള്ള കെട്ടിടം നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ | 8,20,000/- (എട്ട് ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) | 4235-60-800-98 |
| 6 | കോഴിക്കോട് ഗവൺമെന്റ് ഒബ്സർവേഷൻ ഹോം ഫോർ ഗേൾസിന്റെ നിലവിലുള്ള കെട്ടിടം അറ്റകുറ്റപ്പണി നടത്തി നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ | 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) | 4235-60-800-98 |
| 7 | സാമൂഹ്യനീതി വകുപ്പ് ഡയറക്ടറേറ്റ് പൂജപ്പുര അനക്സിൽ, ഡയറക്ടർക്ക് ഓഫീസ് റൂം ക്രമീകരണം, കോൺഫറൻസ് ഹാൾ, ട്രയിനിംഗ് ഏര്യ, ഓഫീസ് ഏര്യ എന്നിവയുടെ നിർമ്മാണം. | 56,78,354/- (അമ്പത്തി ആറ് ലക്ഷത്തി എഴുപത്തി എണ്ണായിരത്തി മുന്നൂറ്റി അമ്പത്തി നാല് രൂപ മാത്രം) | 2235-02-001-96 |
| 8 | പുലയനാർ കോട്ട കെയർ ഹോമിലെ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം | 4,18,000/- (നാല് ലക്ഷത്തി പതിനെട്ടായിരം രൂപ മാത്രം) | 2235-02-001-96 |
| 9 | തൃശ്ശൂർ ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ അടിസ്ഥാന സൗകര്യ വികസനം | 1,49,212/- (ഒരു ലക്ഷത്തി നാൽപ്പത്തി ഒമ്പതിനായിരത്തി ഇരുന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) | 2235-02-102-61 |
| 10 | വകുപ്പിനു കീഴിലുള്ള വിവിധ ഗവൺമെന്റ് ചിൽഡ്രൻസ് ഹോമുകൾ/ഒബ്സർവേഷൻ ഹോമുകൾ എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ | 97,54,169/- (തൊണ്ണൂറ്റി ഏഴ് ലക്ഷത്തി അമ്പത്തി നാലായിരത്തി നൂറ്റി അറുപത്തി ഒമ്പത് രൂപ മാത്രം) | 2235-02-102-61 |
| 11 | കൊല്ലം ഗവൺമെന്റ് ചിൽഡ്രൻസ് ഹോമിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള പ്രൊപ്പോസൽ | 23,00,000/- (ഇരുപത്തി മൂന്ന് ലക്ഷം രൂപ മാത്രം) | 4235-02-800-99 |